# അഗസ്ത്യാർകൂടം സന്ദർശനം - 2018

2018 വർഷത്തെ അഗസ്ത്യാർകൂടം സന്ദർശനം 2018 ജനുവരി 14-ാം തീയതി മുതൽ ഫെബ്രുവരി 13-ാം തീയതി വരെയാണ്. പരമാവധി 100 പേർക്കുമാത്രമേ ഒരു ദിവസം പ്രവേശനം അനുവദിക്കുകയുള്ളൂ. സന്ദർശകർക്കുള്ള പ്രവേശന പാസ്സുകൾ ഈ വർഷം ഓൺലൈൻ മുഖേനയോ അക്ഷയകേന്ദ്രം മുഖേനയോ ബുക്ക് ചെയ്യാവുന്നതാണ്. *ഇന്റർനെറ്റ് കണക്ഷനും* ***Net Banking/Debit Card/Credit Card*** *സൗകര്യവുമുള്ളവർക്ക് സ്വന്തമായി വനം വകുപ്പിന്റെ* ***www.forest.kerala.gov.in*** *എന്ന വെബ്സൈറ്റ് (അല്ലെങ്കിൽ* ***serviceonline.gov.in)*** *സന്ദർശിച്ച് ഓൺ ലൈനായി രജിസ്റ്റർ ചെയ്ത് ടിക്കറ്റ് ബുക്ക് ചെയ്യാവുന്നതാണ്.* ബുക്കിംഗ് സൗകര്യം ***2018 ജനുവരി 05-ാം തീയതി രാവിലെ 11.00 മണി മുതൽ*** ലഭ്യമാകുന്നതാണ്. അക്ഷയകേന്ദ്രങ്ങളിൽ പ്രവേശന ടിക്കറ്റ് ബുക്ക് ചെയ്യാൻ എത്തുന്നവർ അവരുടേയും ടീം അംഗങ്ങളുടെയും ഫോട്ടോ തിരിച്ചറിയൽ കാർഡിന്റെ പകർപ്പുകൂടി കൊണ്ടുവരേണ്ടതാണ്. ട്രക്കിംഗിൽ പങ്കെടുക്കുന്ന ഓരോരുത്തരുടെയും തിരിച്ചറിയൽ കാർഡ് നമ്പർ ഓൺലൈൻ അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഒരാൾക്കുള്ള ടിക്കറ്റ് നിരക്ക് 500/- രൂപയാണ് പരമാവധി **10** പേരുകൾ മാത്രമേ ഒരു ടിക്കറ്റിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. അക്ഷയകേന്ദ്രങ്ങളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ എത്തുന്നവരിൽ നിന്നും ടിക്കറ്റ് നിരക്കിന് പുറമേ payment gateway ചാർജ്ജും സേവനനിരക്കും ചേർത്ത് താഴെപറയുന്ന തുക ഈടാക്കുന്നതായിരിക്കും.

1. ഒന്നുമുതൽ അഞ്ചുപേർ വരെ ഉൾപ്പെടുന്ന ടിക്കറ്റിന് **30/-** രൂപ
2. പത്തുപേർ വരെ ഉൾപ്പെടുന്ന ടിക്കറ്റിന് **40/-** രൂപ

സ്ത്രീകൾക്കും 14 വയസ്സിനു താഴെയുള്ള കുട്ടികൾക്കും ട്രെക്കിംഗിനായി അപേക്ഷിക്കുവാൻ സാധിക്കുകയില്ല. ടിക്കറ്റ് പ്രിന്റ് ഔട്ടിന്റെ പകർപ്പും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ അസ്സലും സഹിതം ബോണക്കാടുള്ള ഫോറസ്റ്റ് പിക്കറ്റ് സ്റ്റേഷനിൽ ട്രെക്കിംഗ് ദിവസം രാവിലെ 7 മണിക്ക് എത്തിച്ചേരേണ്ടതാണ്. ഒരു ടിക്കറ്റിൽ ഉൾപ്പെട്ട ഒരാളെങ്കിലും ടിക്കറ്റ് പ്രിന്റ് ഔട്ടിനോടൊപ്പമുള്ള സത്യപ്രസ്താവന ഒപ്പിട്ട് നല്കേണ്ടതാണ്. **10** പേരടങ്ങുന്ന ഓരോ ഗ്രൂപ്പിനും ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റി വഴി ഏർപ്പെടുത്തുന്ന ഒരു ഗൈഡിന്റെ സേവനം വിട്ടുനൽകുന്നതാണ്.

പ്ലാസ്റ്റിക്, മദ്യം മറ്റ് ലഹരി പദാർത്ഥങ്ങൾ കൊണ്ടുപോകുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു. വനത്തിനുള്ളിൽ പുകവലി, ഭക്ഷണം പാകം ചെയ്യൽ എന്നിവ അനുവദിക്കുന്നതല്ല. നിരോധിക്കപ്പെട്ടിട്ടുള്ള വസ്തുവകകൾ വിലക്ക് ലംഘിച്ചു കൊണ്ടുപോകുന്നതിന് പിഴ ഉൾപ്പെടെയുള്ള ശിക്ഷണനടപടികൾ സ്വീകരിക്കുന്നതായിരിക്കും. കാനനപ്പാതയിലൂടെയുള്ള യാത്രയിൽ വന്യജീവികളിൽ നിന്നും ആക്രമണം ഉണ്ടാകുവാൻ സാദ്ധ്യതയുള്ളതിനാൽ സത്യപ്രസ്താവനയിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം യാത്രക്കാർ സ്വന്തം ഉത്തരവാദിത്വത്തിൽ യാത്രനടത്തേണ്ടതാണ്. യാത്രയിലുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പോ ഇക്കോ-ഡെവലപ്പ്മെന്റ് കമ്മിറ്റിയോ ഉത്തരവാദിയായിരിക്കുകയില്ല. സന്ദർശകരുടെ സൗകര്യാർത്ഥം ബോണക്കാട്, അതിരുമല എന്നീ സ്ഥലങ്ങളിൽ വനം വകുപ്പിന്റെ കീഴിലുള്ള ഇക്കോ-ഡെവലപ്പ്മെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കാന്റീനുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് രാജീവ് ഗാന്ധി നഗറിലുള്ള വൈൽഡ്ലൈഫ് വാർഡന്റെ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ് (ടെലിഫോൺ നമ്പർ **0471 - 2360762**).

വൈൽഡ്ലൈഫ് വാർഡൻ
തിരുവനന്തപുരം

AGASTHYAVANAM BIOLOGICAL PARK CIRCLE

| | |
|---|---|
| CF | |
| DCF(NC) | 29/12/17 |
| DD(WL) | |
| JS | 27.12.17 |
| SECTION | ABP (A) |